Jagratha 064

Vol-II, Issue:30
20-09 - 2008

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

01. കെ.സി.ബി.സി. ഉന്നതാധികാരസമിതി യോഗതീരുമാനങ്ങൾ
02. ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണം ആസൂത്രിതം: കെ.സി.ബി.സി
**03.** ബജ്‌രംഗ്ദളിനെ നിരോധിക്കണം : ഐക്യ-ജാഗ്രതാ കമ്മീഷൻ.
04. പീഡനങ്ങൾക്കു നടുവിലും സഭ തഴച്ചുവളരും: മാർ തോമസ് ചക്യത്ത്
05. ലാഭമുണ്ടാക്കുന്ന വിദ്യാഭ്യാസ സ്ഥാപനം മന്ത്രി വ്യക്തമാക്കണം: ഇന്റർ ചർച്ച് കൗൺസിൽ
06. റോമിലേക്ക് പ്രതിനിധി സംഘത്തെ അയയ്ക്കണം: ചെന്നിത്തല
07. സർക്കാർ തീരദേശവാസികളെ വഞ്ചിക്കുന്നു: ബിഷപ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ

## 01. കെ.സി.ബി.സി. ഉന്നതാധികാരസമിതി യോഗതീരുമാനങ്ങൾ (18-09-2008)

1. ഭരണഘടനയെ നോക്കുകുത്തിയാക്കിക്കൊണ്ട് ഭാരതത്തിൽ മതന്യൂനപക്ഷങ്ങൾക്ക് നേരെ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന വ്യാപകമായ ആക്രമണങ്ങളും മനുഷ്യാവകാശധ്വംസനങ്ങളും ക്രൈസ്തവരെ ഭീതിയിലേക്കും ആശങ്കയിലേക്കും തള്ളിവിട്ടിരിക്കുകയാണ്. വ്യക്തമായ രാഷ്ട്രീയ ലക്ഷ്യങ്ങളോടുകൂടി ചില വർഗീയ തീവ്രവാദി സംഘടനകളാണ് രാജ്യത്തിന്റെ സമാധാനം തകർക്കാനും ജനങ്ങളിൽ ഭീതി സൃഷ്ടിക്കാനും മതവിഭാഗങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുവാനും ന്യൂനപക്ഷങ്ങൾക്ക് നേരെ ആക്രമണങ്ങൾ അഴിച്ചുവിടുന്നത്. ഇങ്ങനെയുള്ള വർഗീയ സംഘടനകളെ രാഷ്ട്രീയകക്ഷികൾ ഉപയോഗിക്കുകയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആരാധനാലയങ്ങൾ തകർക്കുകയും നിരപരാധികളെ വധിക്കുകയും ആക്രമിക്കുകയും ചെയ്യുന്നതിനെ ഒരിക്കലും ന്യായീകരിക്കാനാവില്ല.

2. ഇതരമതങ്ങളെയും വ്യത്യസ്ത ചിന്താധാരകളെയും തുറന്ന മനസ്സോടെ സ്വീകരിച്ച് അവർക്ക് സംരക്ഷണവും സഹായവും ചെയ്തിട്ടുള്ള രാജ്യമാണ് ഇന്ത്യ. ഭാരതത്തിന്റെ പവിത്രമായ ഈ പൈതൃകത്തെയും സംസ്കാരത്തെയുമാണ് മതതീവ്രവാദികൾ ഇപ്പോൾ തകർത്തുകൊണ്ടിരിക്കുന്നത്. ക്രൈസ്തവർക്കു നേരെ ആസൂത്രിതമായി ആക്രമണങ്ങൾ നടക്കുന്ന പ്രദേശങ്ങളിലെല്ലാം ഹൈന്ദവരും ക്രൈസ്തവരും സാഹോദര്യത്തോടെ കഴിയുന്നവരാണ്. ക്രൈസ്തവർക്ക് നേരെ ആക്രമണങ്ങൾ നടന്ന പലയിടങ്ങളിലും അവരെ സംരക്ഷിച്ചതും സഹായിച്ചുകൊണ്ടിരിക്കുന്നതും ഹൈന്ദവ സഹോദരങ്ങളാണ്.

3. നിർബന്ധിത മതപരിവർത്തനം ഏത് മതസമൂഹം നടത്തിയാലും അത് മനുഷ്യസ്വാതന്ത്ര്യത്തിലുള്ള കടന്നുകയറ്റവും കുറ്റകരവുമാണ്. എന്നാൽ മതത്തിൽ വിശ്വസിക്കുവാനും താൻ വിശ്വസിക്കുന്നവ പ്രചരിപ്പിക്കുവാനും വ്യക്തികൾക്ക് സ്വാതന്ത്ര്യവും അവകാശവുമുണ്ട്. നമ്മുടെ ഭരണഘടന ഈ വിശ്വാസസ്വാതന്ത്ര്യം ഉറപ്പുനൽകുന്നുണ്ട്. പ്രലോഭിപ്പിച്ചും നിർബന്ധിച്ചും മതപരിവർത്തനം നടത്തുന്നത് കുറ്റകരമാണ്. അത്തരം പ്രവർത്തനങ്ങൾ ആരെങ്കിലും നടത്തുന്നുണ്ടെങ്കിൽ നിയമപരമായാണ് നേരിടേണ്ടത്; അല്ലാതെ അക്രമത്തിന്റെ മാർഗത്തിലൂടെയല്ല.

4. മതപരിവർത്തനം നടത്തുന്നു എന്ന പേരിൽ ക്രൈസ്തവവിഭാഗങ്ങൾക്ക് നേരെ രാജ്യവ്യാപകമായി ചില തീവ്രവാദി സംഘടനകൾ അഴിച്ചുവിടുന്ന അക്രമം രാഷ്ട്രീയപ്രേരിതമാണ്. മതവികാരങ്ങളെ വ്രണപ്പെടുത്തുന്നത് ഒരിക്കലും ന്യായീകരിക്കാനാവില്ല. ഹൈന്ദവസഹോദരങ്ങൾ പൂജ്യമായി വണങ്ങുന്ന ദേവന്മാരെ മോശമായി ചിത്രീകരിച്ച് ലഘുലേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ അത് അപലപനീയമാണ്. സാമുദായിക സൗഹാർദ്ദം തകർക്കുന്ന ഇത്തരം നീക്കങ്ങൾ നടത്തുന്നവരുണ്ടെങ്കിൽ അവരെ അറസ്റ്റുചെയ്യുകയും മാതൃകാപരമായി ശിക്ഷിക്കുകയും വേണം.

5. ക്രൈസ്തവരാജ്യങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന രാജ്യങ്ങൾ ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നതിന് വളരെ മുമ്പ് ആദ്യനൂറ്റാണ്ടിൽ വിശ്വാസം സ്വീകരിച്ച നാടാണ് ഭാരതം. രണ്ടായിരം കൊല്ലം കഴിഞ്ഞിട്ടും ഭാരതത്തിൽ എല്ലാ ക്രൈസ്തവവിഭാഗങ്ങളും കൂടി 2.3% ആണ്. രാജ്യത്തെ 45000 -ത്തോളം വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അസംഖ്യം ആതുര ശുശ്രൂഷാ സ്ഥാപനങ്ങളുടെയും സേവനം സ്വീകരിക്കുന്നത് ഇതരമതസ്ഥരാണ്. കത്തോലിക്കാസ്ഥാപനങ്ങളുടെ സേവനം സ്വീകരിച്ചിട്ടുള്ള വ്യക്തികൾക്ക് ആർക്കും തന്നെ കത്തോലിക്കർ നിർബന്ധപൂർവ്വം മതപരിവർത്തനം നടത്തുന്നവരാണെന്ന് ആരോപിക്കാൻ സാധിക്കില്ല. ക്രൈസ്തവർ അധഃസ്ഥിതരെ ഉദ്ധരിക്കാൻ നടത്തുന്ന സാമൂഹ്യപ്രവർത്തനങ്ങളെ സ്വാർത്ഥവ്യക്തികൾ തെറ്റായി വ്യാഖ്യാനിച്ച് ക്രൈസ്തവസേവനത്തെ മതപരിവർത്തനമായി ചിത്രീകരിക്കുന്നത് സത്യവിരുദ്ധമാണ്.

6. അക്രമം കേരളത്തിലേക്കും പടർത്താനുള്ള നിന്ദ്യമായ നീക്കം അങ്ങേയറ്റം അപലപനീയമാണ്. ക്രൈസ്തവരുടെ വിശുദ്ധഗ്രന്ഥം കത്തിക്കുകയും പരിശുദ്ധ കുർബാനയെ അവഹേളിക്കുകയും തിരുസ്വരൂപങ്ങൾ തകർക്കുകയും ചെയ്ത വർഗീയഭീകരതയെ സകല ദൈവവിശ്വാസികളും ജനാധിപത്യവിശ്വാസികളും അപലപിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഭാരതത്തിൽ ക്രൈസ്തവർക്കുനേരേ നടന്നുകൊണ്ടിരിക്കുന്ന ആക്രമണങ്ങളിൽ ജനങ്ങൾക്കുള്ള ആശങ്ക അറിയിക്കാനും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രതിനിധികൾ ഇന്ത്യൻ പ്രസിഡന്റ്, പ്രധാനമന്ത്രി, ആഭ്യന്തരമന്ത്രി എന്നിവരെ കണ്ട് പരാതി നൽകും. വർഗീയതയും തീവ്രവാദവും പ്രചരിപ്പിക്കുന്ന മതതീവ്രവാദി സംഘടനകളെ നിരോധിക്കാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടും.

7. കേരളത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദവും സാമുദായികഐക്യവും നിലനിർത്താൻ കത്തോലിക്കാസഭയിലെ സീറോ മലബാർ, ലത്തീൻ, മലങ്കര രൂപതകളുടെ കീഴിൽ വരുന്ന എല്ലാ ഇടവകകളുടെയും ആഭിമുഖ്യത്തിൽ സർവമത സമാധാന പ്രാർത്ഥനാ സമ്മേളനങ്ങളും മതസൗഹാർദ്ദം വളർത്തുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും.

കെ.സി.ബി.സി. പ്രസിഡന്റ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിലിന്റെ അധ്യക്ഷതയിൽ കേരളത്തിലെ കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സി.യിൽ ചേർന്ന യോഗത്തിൽ സീറോമലബാർസഭയുടെ പരമാധ്യക്ഷനും ഭാരത കത്തോലിക്കാസഭയുടെ പ്രസിഡന്റുമായ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, മലങ്കരകത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ മേജർ ആർച്ച്ബിഷപ്പ് ബസേലിയോസ് മാർ ക്ലീമിസ്, കെ.സി.ബി.സി. സെക്രട്ടറിയും തൃശൂർ മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത്, കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ഡോ. സ്റ്റീഫൻ ആലത്തറ എന്നിവർ സന്നിഹിതരായിരുന്നു.

## 02. ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണം ആസൂത്രിതം: കെ.സി.ബി.സി (16-09-2008)

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്ക് നേരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങൾ ആസൂത്രിതമായി നടപ്പിലാക്കുന്നതാണെന്ന് കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ (കെ.സി.ബി.സി) അഭിപ്രായപ്പെട്ടു. രാജ്യത്തെ സമാധാനം നശിപ്പിക്കാനും സാമുദായിക സൗഹാർദം തകർക്കാനും ലക്ഷ്യമിട്ടാണ് വർഗീയ തീവ്രവാദികൾ ന്യൂനപക്ഷങ്ങൾക്ക് നേരെ തുടർച്ചയായി ആക്രമണം അഴിച്ചുവിടുന്നത്. ഒറീസയിലും, ആന്ധ്രയിലും, മധ്യപ്രദേശിലും ഇപ്പോൾ കർണാടകയിലെ മംഗലാപുരത്തും കേരളത്തിൽ കാസർഗോട്ടും ക്രൈസ്തവർക്ക് നേരെ നടന്ന ആക്രമണങ്ങൾ വർഗീയ സംഘർഷങ്ങളെക്കാളുപരി രാഷ്ട്രീയ പ്രേരിതമാണ്. ഇതുപോലുള്ള അടിയന്തര സന്ദർഭങ്ങളിൽ സംസ്ഥാന ഭരണകൂടങ്ങൾ നിസംഗത പാലിക്കുന്നത് കുറ്റകൃത്യത്തെ പിന്തുണയ്ക്കുന്നതിന് തുല്യമാണെന്ന് കെ.സി.ബി.സി പ്രസിഡന്റ് ആർച്ച് ബിഷപ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു. ആക്രമണങ്ങൾ ഉണ്ടായ സ്ഥലങ്ങളിലെല്ലാം ഹൈന്ദവരും ക്രൈസ്തവരും സാഹോദര്യത്തോടെ കഴിയുന്നവരാണ്. ക്രൈസ്തവർക്ക് നേരെ ആക്രമണങ്ങൾ നടന്ന പലയിടങ്ങളിലും അവരെ സംരക്ഷിച്ചതും സഹായിച്ചതും ഹൈന്ദവ സഹോദരങ്ങളാണ്.

വ്യക്തമായ രാഷ്ട്രീയലക്ഷ്യങ്ങളോടെ ഹൈന്ദവതീവ്രവാദി സംഘടനകളാണ് രാജ്യത്തെ സമാധാനം തകർക്കാനും ജനങ്ങളിൽ ഭീതി സൃഷ്ടിക്കാനും മതവിഭാഗങ്ങളെ തമ്മിൽ ഭിന്നിപ്പിക്കാനും ന്യൂനപക്ഷങ്ങൾക്ക് നേരെ ആക്രമണങ്ങൾ അഴിച്ചുവിടുന്നത്. ആരാധനാലയങ്ങൾ തകർക്കുകയും നിരപരാധികളെ വധിക്കുകയും അപായപ്പെടുത്തുകയും ചെയ്യുന്നതിനെ ഒരിക്കലും ന്യായീകരിക്കാൻ കഴിയില്ല. ആക്രമണങ്ങൾ അപലപനീയമാണ്.

അടുത്തിടെ ബാംഗ്ളൂർ, അഹമ്മദാബാദ്, ഡൽഹി എന്നിവിടങ്ങളിൽ നടന്ന തീവ്രവാദി ആക്രമണങ്ങൾ ഭാരത സംസ്കാരത്തിനു തന്നെ കളങ്കം ഏൽപ്പിക്കുന്ന സംഭവങ്ങളാണ്. ഒരു മതവിഭാഗവും അക്രമണങ്ങളെ പ്രോത്സാഹിപ്പിക്കുന്നില്ല.മതത്തിന്റെ പേരിൽ രാഷ്ട്രീയ ലക്ഷ്യം നേടാൻ ആഗ്രഹിക്കുന്നവരാണ് ഇപ്പോൾ മതന്യൂനപക്ഷങ്ങൾക്ക് നേരെ ആക്രമണങ്ങൾ അഴിച്ചുവിടുന്നത്. ഭാരതത്തിലെ മത സ്വാതന്ത്ര്യത്തിനു നേരെ ഇപ്പോൾ നടക്കുന്ന തുറന്ന കൈയേറ്റം വ്യക്തമായ ഭരണഘടനാ ലംഘനമാണെന്നും കെ.സി.ബി.സി ഭാരവാഹികൾ അഭിപ്രായപ്പെട്ടു.ഒറീസയിലും കർണാടകയിലും സംസ്ഥാനം ഭരിക്കുന്ന കക്ഷികളുടെ പിന്തുണയോടെ ന്യൂനപക്ഷങ്ങളെ ഭീഷണിപ്പെടുത്തുകയും അപായപ്പെടുത്തുകയുമാണ്. മതന്യൂനപക്ഷങ്ങൾക്ക് നേരെ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന വ്യാപാകമായ ആക്രമണങ്ങളെയും മനുഷ്യാവകാശ ലംഘനങ്ങളെയും കുറിച്ച് രാജ്യത്തെ പരമോന്നത ഭരണാധികാരികൾക്ക് പരാതി സമർപ്പിക്കാനും കെ.സി.ബി.സി തീരുമാനിച്ചിട്ടുണ്ടെന്ന് ബിഷപ്സ് കൗൺസിൽ ഡെപ്യൂട്ടി സെക്രട്ടറി റവ.ഡോ.സ്റ്റീഫൻ ആലത്തറ അറിയിച്ചു.

**03. ബജ്രംഗ്ദളിനെ നിരോധിക്കണം : ഐക്യ-ജാഗ്രതാ കമ്മീഷൻ.** (15-09-2008)

കർണ്ണാടകയിൽ ക്രസ്തവാരാധനാലയങ്ങൾക്ക് നേരേ ബജ്രംഗ്ദൾ പ്രവർത്തകർ നടത്തിയ ആക്രമണത്തിൽ കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ക്രൈസ്തവ വിശ്വാസികളെ തിരഞ്ഞുപിടിച്ച് ആക്രമിക്കുകയും അവരുടെ ആരാധനാലയങ്ങളും സ്വത്തുക്കളും നശിപ്പിക്കുകയും ചെയ്യുന്ന ബജ്രംഗ്ദളിനെ ഉടൻ നിരോധിക്കണമെന്ന് ഐക്യ-ജാഗ്രതാ കമ്മീഷൻ ആവശ്യപ്പെട്ടു. ഒറീസ്സയിൽ ആരംഭിച്ച് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പടർന്നുകൊണ്ടിരിക്കുന്ന മതമർദ്ദനം ഭാരതസംസ്ക്കാരത്തിന് തീരാകളങ്കമാണ്. കർണ്ണാടകയിൽ ആരാധനാലയങ്ങൾ നശിപ്പിക്കപ്പെട്ടത് ഒറീസ്സയിലും മധ്യപ്രദേശിലും നടന്ന അനിഷ്ടസംഭവങ്ങളുടെ തുടർച്ച മാത്രമാണ്.

ക്രൈസ്തവർക്കെതിരെയുള്ള അക്രമങ്ങൾ ഉടൻ അവസാനിപ്പിക്കണം. അക്രമം ഇനിയും പടരാൻ അനുവദിക്കരുത്. അക്രമത്തിനു പിന്നിൽ പ്രവർത്തിക്കുന്നവർ ആരുതന്നെ ആയാലും അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം. ഭാരതത്തിൽ ജനിച്ച എല്ലാ പൗരന്മാർക്കും സമാധാനപരമായി ജീവിക്കുവാൻ അവകാശമുണ്ട്. എന്നാൽ ക്രിസ്ത്യാനികൾക്ക് സ്വന്തം നാട്ടിൽ സമാധാനപരമായി ജീവിക്കുവാൻ സാധിക്കാത്ത അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. ക്രിസ്ത്യാനികളിൽ പലരും ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന അവസ്ഥയിലാണ് ജീവിക്കുന്നത്. ക്രിസ്ത്യാനികളെ നിർമ്മാർജ്ജനം ചെയ്യുവാനായി കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ബജ്രംഗദളിനെനിരോധിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാവണമെന്ന് ഐക്യ-ജാഗ്രതാ കമ്മീഷനുവേണ്ടി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

**04. പീഡനങ്ങൾക്കു നടുവിലും സഭ തഴച്ചുവളരും: മാർ തോമസ് ചക്യത്ത്** (09-09-2008)

രണ്ടായിരം വർഷങ്ങൾക്കപ്പുറം ചരിത്രമുള്ള സഭ എക്കാലത്തേയും പോലെ ഇന്നും ഏതു പീഡനങ്ങൾക്കു നടുവിലും തഴച്ചു വളരുമെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് ചക്യത്ത് പറഞ്ഞു. ഏഴാം ക്ലാസിലെ വിവാദ സാമൂഹ്യ ശാസ്ത്ര പാഠപുസ്തകം പിൻവലിക്കണമെന്നാവശ്യപ്പെട്ട് അതിരൂപതാ വിശ്വാസ സംരക്ഷണ സമിതി നടത്തിയ വാഹനജാഥയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്. നിരവധി രക്തസാക്ഷികളുടെ ചുടുനിണം വീണു വളർന്നതാണ് സഭ. വിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി ഏറ്റുവാങ്ങുന്ന ഏതു സഹനവും സഭയുടെ വളർച്ചയ്ക്ക് ഉപകരിക്കും. ക്രൈസ്തവർക്കു നേരെ ക്രൂരമായ അക്രമങ്ങൾ അരങ്ങേറുന്ന ഒറീസയിൽ സഭ ശക്തമായി തിരിച്ചുവരും. നിരീശ്വര വാദം മുഖമുദ്രയാക്കിയിരുന്ന റഷ്യയിൽ ഇന്ന് ഏറ്റവും അധികം വിറ്റഴിക്കപ്പെടുന്നത് ബൈബിളാണ്.

**05. ലാഭമുണ്ടാക്കുന്ന വിദ്യാഭ്യാസ സ്ഥാപനം മന്ത്രി വ്യക്തമാക്കണം: ഇന്റർ ചർച്ച് കൗൺസിൽ** (09-09-2008)

ക്രൈസ്തവരുടെ ഏതു വിദ്യാഭ്യാസ സ്ഥാപനമാണ് ലാഭമുണ്ടാക്കാനായി പ്രവൃത്തിക്കുന്നതെന്നു വ്യക്തമാക്കാൻ വിദ്യാഭ്യാസമന്ത്രി തയാറാകണമെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ പത്രക്കുറിപ്പിൽ ആവശ്യപ്പെട്ടു. അല്ലെങ്കിൽ ആരോപണം പിൻവലിച്ചു മാപ്പു പറയാൻ മന്ത്രി തയാറാകണം.

ക്രൈസ്തവ മിഷനറിമാരുടെ പിൻമുറക്കാർ വിദ്യാഭ്യാസ രംഗത്തെ ലാഭമുണ്ടാക്കാനുള്ള രംഗമാക്കിയിരിക്കുന്നുവെന്നു വിദ്യാഭ്യാസമന്ത്രിയുടെ ഇടമറ്റത്തു നടത്തിയ പ്രസംഗത്തോടു പ്രതികരിക്കുകയായിരുന്നു കൗൺസിൽ. എതെങ്കിലും വിദ്യാലയങ്ങൾ ലാഭമുണ്ടാക്കാനായി പ്രവൃത്തിക്കുന്നുവെങ്കിൽ എന്തുകൊണ്ട് നടപടിയെടുക്കുന്നില്ല എന്നു മന്ത്രി വ്യക്തമാക്കണം. ലാഭമുണ്ടാക്കലാണ് ലക്ഷ്യമെങ്കിൽ വാട്ടർതീം പാർക്കും പഞ്ചനക്ഷത്രഹോട്ടലും പണിയുന്ന പാർട്ടിയുടെ നയം സ്വീകരിക്കാമായിരുന്നു. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ ആകമാനം തകർത്ത തന്റെ നയവൈകല്യം മറയ്ക്കാനാണ് അദ്ദേഹം ആരോപണങ്ങളുമായി രംഗത്തെത്തിയിരിക്കുന്നത്. പത്തുദിവസംകൊണ്ട് പൂർത്തിയായിരുന്ന ഹയർ സെക്കൻഡറി പ്രവേശനം 70 ദിവസങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ സർക്കാരിനു കഴിഞ്ഞിട്ടില്ല. ഇപ്പോഴും പതിനായിരക്കണക്കിനു സീറ്റുകൾ വിദ്യാർഥികളില്ലാതെ കിടക്കുന്നു. എന്നിട്ട് പൊതുവിദ്യാഭ്യാസം മുഴുവൻ തകർത്തേ അടങ്ങൂ എന്നമട്ടിൽ മുന്നോട്ടു പോവുകയാണ് വിദ്യാഭ്യാസമന്ത്രി. ക്ലാസുകൾ ആരംഭിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഹയർ സെക്കൻഡറികളിൽ പകുതിവിദ്യാർഥികൾക്കുപോലും പാഠപുസ്തകം എത്തിക്കാൻ വിദ്യാഭ്യാസ വകുപ്പിനു കഴിഞ്ഞിട്ടില്ല. ഇതിൽ തെറ്റുകാർക്കെതിരേ ചെറുവിരലനക്കാൻപോലും സർക്കാരിനു കഴിയുന്നുമില്ല. വാഗ്ദാനങ്ങൾ പലതും നൽകിയെങ്കിലും തന്റെ പരാജയങ്ങളിൽനിന്നും ജനശ്രദ്ധ തിരിക്കാൻ ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരേ ആരോപണമുന്നയിക്കുന്ന വിദ്യാഭ്യാസമന്ത്രിയുടെ നിലപാട് ഖേദകരമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ പത്രക്കുറുപ്പിൽ ആരോപിച്ചു.

**06. റോമിലേക്ക് പ്രതിനിധി സംഘത്തെ അയയ്ക്കണം: ചെന്നിത്തല** (09-09-2008)

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്ന റോമിലെ ചടങ്ങിലേക്ക് ഇന്ത്യയിൽ നിന്ന് ഉന്നതതല പ്രതിനിധി സംഘത്തെ അയയ്ക്കണമെന്ന് കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല പ്രധാനമന്ത്രി മൻമോഹൻ സിംഗിനോട് ആവശ്യപ്പെട്ടു. ഒറീസയിൽ അക്രമത്തിന് ഇരയായ ക്രൈസ്തവർക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് നഷ്ടപരിഹാരം നൽകാൻ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്നും പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ രമേശ് ആവശ്യപ്പെട്ടു. ഇന്ത്യയിൽ നിന്ന് ആദ്യമായാണ് ഒരാളെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതെന്നും അതിനാൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ അയയ്ക്കേണ്ടതാണെന്നും പ്രധാനമന്ത്രിയെ അറിയിച്ചു. ഒറീസയിൽ ക്രൈസ്തവർക്കെതിരേ തുടരുന്ന അക്രമം മറ്റ് സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കാനാണ് ശ്രമിക്കുന്നത്. അത് തടയാൻ നടപടി സ്വീകരിക്കണം. കലാപത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കും നാശനഷ്ടം സംഭവിച്ചവർക്കും എത്രയും വേഗം ധനസഹായം നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

**07. സർക്കാർ തീരദേശവാസികളെ വഞ്ചിക്കുന്നു: ബിഷപ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ** (18-09-2008 )

സംസ്ഥാന സർക്കാർ നൽകിയ വാഗ്ദാനം പാലിക്കാതെ തീരദേശവാസികളെ വഞ്ചിക്കുകയാണെന്ന് ആലപ്പുഴ രൂപതാ മെത്രാൻ ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ. സുനാമി പുനരധിവാസ പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ആലപ്പുഴ രൂപത തീരദേശ വികസന ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കളക്ടറേറ്റിനു മുന്നിൽ നടത്തുന്ന റിലേ നിരാഹാര സത്യാഗ്രഹം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സർക്കാർ സ്കൂളുകൾക്ക് സുനാമി പുനരധിവാസ ഫണ്ടിൽപ്പെടുത്തി തുക അനുവദിക്കുമ്പോൾ സ്വകാര്യ മാനേജ്മെന്റ് സ്കൂളുകൾക്ക് അനുവദിച്ച തുക വിതരണം ചെയ്തിട്ടില്ല. തീരദേശത്തെ വികസന പ്രശ്നങ്ങൾ കാണിച്ച് വിവിധ വകുപ്പ് അധികാരികൾക്കും മന്ത്രിമാർക്കും താൻ 16 കത്തുകൾ അയച്ചെങ്കിലും ഒന്നിനും തീരുമാനമായിട്ടില്ല. തീരദേശത്തിനായി അനുവദിച്ച തുക 180 ദിവസത്തിനുള്ളിൽ വിനിയോഗിച്ചില്ലെങ്കിൽ നഷ്ടപ്പെടും. ഈ അവസ്ഥയുണ്ടാകാതിരിക്കാനാണ് ഗാന്ധി പഠിപ്പിച്ച മാർഗത്തിലൂടെ മുന്നോട്ടു പോകുന്നത്. സർക്കാർ മനോഭാവത്തിന് മാറ്റംവരുമെന്നാണ് താൻ പ്രതീക്ഷിക്കുന്നതെന്നും ബിഷപ് പറഞ്ഞു. നിരാഹാരം അനുഷ്ഠിക്കുന്നവർക്ക് മാലചാർത്തിയാണ് ബിഷപ് സമരം ഉദ്ഘാടനം ചെയ്തത്.